## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4179 — 17.05.2017-ൽ മറുപടിക്ക്

### മന്ത്രിമാർക്കും ഉന്നത ഉദ്യോഗസ്ഥർക്കും വേണ്ടി വാങ്ങിയ കാറുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ്. പി | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മന്ത്രിമാരുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും ഉപയോഗത്തിനായി എത്ര കാറുകൾ വാങ്ങി; ഇതിനായി എത്ര രൂപ ചെലവഴിച്ചു; വിശദാംശം വ്യക്തമാക്കമോ;<br>ബി) ഏതൊക്കെ കമ്പനികളുടെ ഏത് നിലവാരത്തിലുള്ള കാറുകളാണ് വാങ്ങിയത്; വിശദാംശം വെളിപ്പെടുത്തുമോ;<br>സി) നിലവിൽ മന്ത്രിമാർക്കെല്ലാം ആധുനിക സംവിധാനമുള്ള കാറുകൾ ഉള്ളപ്പോൾ വീണ്ടും കാറുകൾ വാങ്ങിയതിന്റെ സാംഗത്യം എന്താണെന്ന് വ്യക്തമാക്കാമോ; | എ) യും ബി) യും സി) യും: ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മന്ത്രിമാരുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും ഉപയോഗത്തിനായി കാറുകൾ വാങ്ങിയിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ അതിഥേയ മര്യാദയുടെ ഭാഗമായി സംസ്ഥാന അതിഥികൾക്കും വിശിഷ്ട / അതിവിശിഷ്ട വ്യക്തികൾക്കും മറ്റ് വിശിഷ്ടാതിഥികൾക്കും വാഹന സൗകര്യം നൽകുന്നതിനായി ടൂറിസം വകുപ്പിന്റെ പഴയ 35 വാഹനങ്ങൾക്ക് പകരം പുതിയ 35 വാഹനങ്ങൾ ( 25 ടൊയോട്ട ഇന്നോവ ക്രിസ്റ്റ ZMT 7 സീറ്റ് (ഡീസൽ) 10 ടൊയോട്ട ആൾട്ടിസ് GL (ഡീസൽ)) വാങ്ങാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| ഡി) സർക്കാർ തലത്തിലെ ആഡംബരങ്ങളും ധൂർത്തും കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) സർക്കാർ തലത്തിലെ ആഡംബരങ്ങളും ധൂർത്തും ഒഴിവാക്കുക എന്നുള്ളതാണ് സർക്കാർ നയം. |

സെക്ഷൻ ഓഫീസർ.